# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1688**

**05/12/2014 -ൽ മറുപടിക്ക്**

## കർഷക സൊസൈറ്റികൾക്ക് നീര ഉൽപാദനത്തിനായി യഥാസമയം ഫണ്ട് ലഭ്യമാക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കർഷക സൊസൈറ്റികളെ അവ ഗണിച്ച് കൃഷി വകുപ്പ് നീര പദ്ധതി അട്ടിമറിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഇല്ല.<br>നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിലൂടെ തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണസംഘങ്ങളെ സഹായിക്കുന്നതിനുള്ള നടപടികളാണ് കൃഷി വകുപ്പിലൂടെ സ്വീകരിച്ചുവരുന്നത്. |
| ബി) ഉണ്ടെങ്കിൽ കർഷക സൊസൈറ്റികൾക്ക് നീര ഉൽപാദനവുമായി ബന്ധപ്പെട്ട് നൽകേണ്ട ഫണ്ട് യഥാസമയം ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ? | ബി) കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തിക്കൊണ്ട് ജി.ഒ (എം.എസ്) നം.66/2014/ നികുതി വകുപ്പ്, തീയതി 13/05/2014 പ്രകാരം 'നാളീകേര നീര ബോർഡ്' രൂപീകരിക്കുകയും, തുടർന്ന് നീര ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ആക്ഷൻപ്ലാൻ രൂപീകരിച്ചു വരുകയും ചെയ്യുന്നു. 18/11/2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധ) നം 2051/2014/ കൃഷി പ്രകാരം നീര ഉത്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി ആറ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, അഗ്രിചീഫ്, കൃഷി ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ മാനേജർ എന്നിവരും കാർഷിക സർവ്വകലാശാലയിലെ മൂന്നു ശാസ്ത്രജ്ഞരും കമ്മിറ്റിയിലെ അംഗങ്ങളാണ്. ഇതുവരെ ലഭിച്ച അപേക്ഷകൾ 04/12/14 തീയതിയിലെ കമ്മിറ്റി യോഗത്തിൽ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ